ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള വികസന പ്രവർത്തനങ്ങളാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാസാക്കി ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

   Prime Minister Narendra Modi said that his government is working for development activities based on fiscal discipline. The Lok Sabha adjourned for the day after passing a motion of thanks on the President's address.

2) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് നാളെ. ഒരു കോടി 56 ലക്ഷത്തിലധികം വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കും.

   Polling for Delhi Assembly Election to be held tomorrow. Over one crore 56 lakh voters are likely to cast their ballots.

3) കേരളത്തിൽ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന് തുടക്കം.

   In Kerala, campaign for cancer prevention has been launched.

4) 38 -ാമത് ദേശീയ ഗെയിംസ് നീന്തലിൽ കേരളത്തിന്റെ ഹർഷിത ജയറാമിന് മൂന്നാം സ്വർണം. മെഡൽ പട്ടികയിൽ കർണാടക ഒന്നാം സ്ഥാനത്ത്.

   Kerala's Harshitha Jayaram won her third gold medal in swimming at the 38th National Games. Karnataka is at the top of the medal tally.

5) അമേരിക്കൻ ഉത്പന്നങ്ങൾക്ക് ഉയർന്ന തീരുവ ഏർപ്പെടുത്തുമെന്ന് ചൈനീസ് വാണിജ്യ മന്ത്രാലയം.

   China announces retaliatory tariffs on American goods as United States levies take effect

********************

## PM-MOTION OF THANKS (INTRO)

സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള വികസന പ്രവർത്തനങ്ങളാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ലോക്സഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. (ഹോൾഡ് വോയിസ്)

രാജ്യത്തെ 25 കോടി ജനങ്ങളെ ദാരിദ്രത്തിൽ നിന്നു കരകയറ്റാൻ കേന്ദ്രസർക്കാരിൻറെ പ്രവർത്തനങ്ങളിലൂടെ സാധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാസാക്കി ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

********************

## RS-HEALTH

ഏത് പകർച്ചവ്യാധിയെയും നേരിടാൻ ശക്തമായ സംവിധാനം രാജ്യത്തുണ്ടെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ. പകർച്ചവ്യാധികളെ നേരിടാൻ നാഷണൽ സെൻ്ററർ ഫോർ ഡിസീസ് കൺട്രോളിൻറെ കീഴിൽ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം രാജ്യസഭയിൽ രേഖാമൂലം അറിയിച്ചു.

********************

## AMIT SHAH -JK

ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും. ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, ഇൻറലിൻജൻസ് ബ്യൂറോ , റോ എന്നിവയുടെ മേധാവിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

********************

## VAISHNAW- MOBILE MANUFACTURING

രാജ്യത്ത് മൊബൈൽ ഫോൺ, ഇലക്ട്രോണിക്സ് നിർമ്മാണ മേഖലയിൽ കഴിഞ്ഞ 10 വർഷത്തിൽ വൻ പുരോഗതിയാണ് രേഖപ്പെടുത്തിയതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. 2014 ലെ രണ്ട് മൊബൈൽ നിർമ്മാണ യൂണിറ്റുകളിൽ നിന്ന് നിലവിൽ ഇത് 300 - ആയി ഉയർന്നതായും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. 2024 സാമ്പത്തിക വർഷത്തിൽ ഈ മേഖലയുടെ മൂല്യം നാല് ലക്ഷത്തി 22,000 കോടി രൂപയാണ്. കഴിഞ്ഞ പതിറ്റാണ്ടിൽ 12 ലക്ഷം തൊഴിലവസരങ്ങളാണ് മൊബൈൽ ഫോൺ നിർമാണ മേഖല ലഭ്യമാക്കിയതെന്നും ശ്രീ അശ്വിനി വൈഷണവ് അറിയിച്ചു.

********************

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് നാളെ. രാവിലെ 7 മുതൽ വൈകുന്നേരം 6 വരെയാണ് പോളിംഗ്. ഒരു കോടി 56 ലക്ഷത്തിലധികം വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കും. 70 അംഗ നിയമസഭയിലേക്ക് 699 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. ശനിയാഴ്ചയാണ് വോട്ടെണ്ണൽ. നാളെ വൈകിട്ട് 6.30 വരെ എക്സിറ്റ് പോളുകൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

********************

## DELHI- CM FIR

ഡൽഹി മുഖ്യമന്ത്രിയും കൽക്കാജി നിയോജകമണ്ഡലത്തിലെ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥിയുമായ അതിഷിക്കെതിരെ കേസെടുത്ത് ഡൽഹി പോലീസ്. സർക്കാരിൻറെ കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയെന്നും മാതൃകാ പെരുമാറ്റച്ചട്ടം ലംഘിച്ചെന്നും കാണിച്ചാണ് ഡൽഹി പോലീസ് ഇന്ന് കേസ് രജിസ്റ്റർ ചെയ്തത്.

********************

## MAHAKUMBH - KING OF BHUTAN

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാകുംഭമേള സന്ദർശിക്കും. രാവിലെ 11 മണിയോടെ പ്രയാഗ് രാജിലെത്തുന്ന അദ്ദേഹം ത്രിവേണി സംഗമത്തിൽ പുണ്യം സ്നാനം നടത്തും. പ്രത്യേക പൂജകളിലും പ്രധാനമന്ത്രി

പങ്കെടുക്കും. ഈ മാസം 26 ന് ശിവരാത്രി ദിവസം വരെയാണ് മഹാകുംഭമേള.

********************

## CANCER - CM

ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കും മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യ വകുപ്പിൻറെ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ജനങ്ങളിലെ ക്യാൻസർ രോഗസാധ്യത കണ്ടെത്തി പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

********************

## ACCIDENT - KOZHIKKODE

കോഴിക്കോട് അരയിടത്ത്പാലം മേൽപ്പാലത്തിന് സമീപം സ്വകാര്യ ബസ് മറിഞ്ഞുണ്ടായ അപകടത്തിൽ 50-ലേറെ പേർക്ക് പരിക്ക്. ഒരാളുടെ നില ഗുരുതരം. കോഴിക്കോട് താമരശേരി റൂട്ടിലോടുന്ന ബസാണ് അപകടത്തിൽപ്പെട്ടത്.

********************

## JAISHANKAR - DELHI (INTRO)

ലോകം വലിയ മാറ്റങ്ങൾക്കും അനിശ്ചിതത്വത്തിനും സാക്ഷ്യം വഹിക്കുമ്പോൾ ശക്തമായ ഇന്ത്യ-യൂറോപ്യൻ യൂണിയൻ സഹകരണം ഇരുപക്ഷത്തിനും ഗുണം ചെയ്യുമെന്ന് വിദേശ കാര്യമന്ത്രി എസ് ജയ് ശങ്കർ.

ന്യൂ ഡൽഹിയിൽ ഐ ഐ സി - ബ്രൂ ഗെൽ വാർഷിക സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

അറ്റ്ലാൻ്റിക് മുതൽ പസഫിക് വരെയുള്ള കണക്റ്റിവിറ്റി നിർമിക്കാൻ ഇന്ത്യ ശ്രമിക്കുകയാണെന്നും ശ്രീ ജയ് ശങ്കർ പറഞ്ഞു.

********************

## National Games

ഉത്തരാഖണ്ഡിൽ പുരോഗമിക്കുന്ന 38 -ാമത് ദേശീയ ഗെയിംസിൽ ഇന്ന് നേട്ടം കൊയ്ത് കേരളം. നീന്തലിൽ ഹർഷിത ജയറാമിന് മൂന്നാം സ്വർണം. വനിതകളുടെ 100 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിലാണ് ഹർഷിതയുടെ മൂന്നാം സ്വർണ്ണ നേട്ടം. വനിതകളുടെ വാട്ടർ പോളോയിലും കേരളത്തിന് സ്വർണ്ണം. പുരുഷന്മാരുടെ വാട്ടർ പോളോയിൽ പശ്ചിമ ബംഗാളിനെ പരാജയപ്പെടുത്തി കേരളം വെങ്കല മെഡൽ സ്വന്തമാക്കി. ബാസ്കറ്റ് ബോൾ 3x3 പുരുഷ, വനിതാ വിഭാഗങ്ങളിലും കേരളം വെള്ളി മെഡലുകൾ സ്വന്തമാക്കി. മെഡൽ പട്ടികയിൽ കർണാടക ഒന്നാം സ്ഥാനത്തും സർവീസസ് രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. എട്ട് സ്വർണം ഉൾപ്പെടെ 20 മെഡലുകളുമായി പട്ടികയിൽ ഏഴാമതാണ് കേരളം.

********************

## MEA- UNGA PRESIDENT

യുഎൻ പൊതുസഭയുടെ 79-ാമത് സമ്മേളനത്തിന്റെ പ്രസിഡന്റ് ഫിലേമോൺ യാങ് നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. രാഷ്ട്രപതി ദ്രൗപതി മുർമുവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായി ചർച്ച നടത്തുന്ന ഫിലേമോൺ യാങ് ബെംഗളൂരുവും സന്ദർശിക്കും.

********************

## CHINA TARIFF

അമേരിക്കൻ ഉത്പന്നങ്ങൾക്ക് ഉയർന്ന തീരുവ ഏർപ്പെടുത്തുമെന്ന് ചൈനീസ് വാണിജ്യ മന്ത്രാലയം. ചൈനീസ് ഇറക്കുമതിക്ക് അമേരിക്ക 10 ശതമാനം തീരുവ ഏർപ്പെടുത്തിയ പശ്ചാത്തലത്തിലാണ് നടപടി. അമേരിക്കയിൽ നിന്നുള്ള കൽക്കരി, എൽപിജി എന്നിവയ്ക്ക് 15 ശതമാനവും

ക്രൂഡ് ഓയിലിന് 10 ശതമാനവും നികുതി ഏർപ്പെടുത്തും. അതേസമയം, കാനഡയ്ക്കും മെക്സിക്കോയ്ക്കും, ഏർപ്പെടുത്തിയ ഉയർന്ന ഇറക്കുമതി തീരുവ ഒരു മാസത്തേക്ക് നിർത്തിവെക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അറിയിച്ചു.

********************

## INDEPENDENT BAPTIST CONVENTION

ഇൻഡിപെൻഡൻറ് ബാപ്റ്റിസ്റ്റ് സഭകളുടെ 57 ആമത് വാർഷിക കൺവെൻഷൻ ചാത്തന്നൂർ ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നാളെ തുടക്കമാകും. ഞായറാഴ്ചവരെയാണ് കൺവെൻഷൻ.

********************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ വൻ കുതിച്ചുചാട്ടം.
സെൻസെക്സ് 1,397 പോയിൻറ് ഉയർന്ന് 78,584 ലും, നിഫ്റ്റി 378 പോയിൻറ് നേട്ടത്തിൽ 23,739 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ വില സർവകാല റെക്കോർഡിൽ. പവന് 840 രൂപ ഉയർന്ന് 62,480 രൂപയും ഗ്രാമിന് 105 രൂപ വർദ്ധിച്ച് 7,810 രൂപയുമാണ് ഇന്നത്തെ വില.

********************

## BANGLADESH-HASINA

ജനകീയ പ്രക്ഷോഭത്തിനിടെ പലായനം ചെയ്ത ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്കെതിരെ റെഡ് നോട്ടീസ് പുറപ്പെടുവിക്കണമെന്ന് ഇൻറർപോളിനോട് അഭ്യർത്ഥിച്ച് ബംഗ്ലാദേശ് ഇടക്കാല സർക്കാർ. ധാക്കയിൽ ഇടക്കാല സർക്കാർ മേധാവി മുഹമ്മദ് യൂനുസിൻറെ അധ്യക്ഷതയിൽ ഇന്നലെ സുരക്ഷാ മേധാവികളുടെ ഉന്നതതല യോഗം ചേർന്നു. രാജ്യത്തെ ക്രമസമാധാന നില സൂക്ഷ്മം നിരീക്ഷിക്കുന്നതിന് കമാൻഡ് സെൻറർ സ്ഥാപിക്കാൻ മുഹമ്മദ് യൂനുസ് നിർദേശം നൽകി. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനും ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങൾ തടയാൻ പ്രത്യേക നടപടികൾ സ്വീകരിക്കാനും അദ്ദേഹം ഉത്തരവിട്ടു.

********************

## RUSSIA-BELARUS MISSILE

ഒറെഷ്നിക് മിസൈൽ സംവിധാനങ്ങൾ ബെലറൂസിൽ വിന്യസിക്കാനൊരുങ്ങി റഷ്യ. റഷ്യയുടെ ഒറെഷ്നിക് ഹൈപ്പർസോണിക് മിസൈൽ സംവിധാനം ബെലറൂസിൽ എത്തുമെന്ന് ബെലറൂസ് പ്രസിഡൻറ് അലക്സാണ്ടർ ലുകാഷെങ്കോ നേരത്തെ പ്രഖ്യാപിച്ചിരുന്നു. റഷ്യയും ഉക്രെയ്നും തമ്മിലുള്ള ഏതൊരു സമാധാന കരാറും ഇരു രാജ്യങ്ങളുടെയും ദീർഘകാല സുരക്ഷ ഉറപ്പാക്കുന്നതായിരിക്കണമെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ അടുത്തിടെ വ്യക്തമാക്കിയിരുന്നു.

********************

## MUMBAI OPEN TENNIS

മുംബൈ ഓപ്പൺ ടെന്നീസ് വനിതകളുടെ സിംഗിൾസിൽ പ്രീ-ക്വാട്ടർ ഫൈനലിലേക്ക് യോഗ്യത നേടി ഇന്ത്യൻ താരം അങ്കിത റെയ്ന. ഇന്ത്യൻ താരം വൈഷ്ണവി അദ്ക്കറെ പരാജയപ്പെടുത്തിയാണ് അങ്കിത യോഗ്യത നേടിയത്. നാളെ നടക്കുന്ന റൗണ്ട് ഓഫ് 16 ൽ അങ്കിത, കാനഡയുടെ റെബേക്ക മരിനോയെ നേരിടും.

********************

## PM-INTERNSHIP SCHEME

2024 ഒക്ടോബർ 3 ന് ആരംഭിച്ച പ്രധാനമന്ത്രി ഇൻറേൺഷിപ്പ് പദ്ധതിയിൽ ഇതുവരെ ആറ് ലക്ഷത്തിലധികം അപേക്ഷകൾ ലഭിച്ചതായി കേന്ദ്ര സഹമന്ത്രി ഹർഷ് മൽഹോത്ര ലോക്സഭയിൽ അറിയിച്ചു. പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്നും ജനുവരി 9 ന് ആരംഭിച്ച രണ്ടാം ഘട്ടത്തിൽ പുതിയ ഇൻറേൺഷിപ്പ് അവസരങ്ങൾ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

********************

****************

********